കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ജൂൺ 2021 വാല്യം 60 ലക്കം 6




## ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമേ
## അങ്ങ് എന്റെ സ്നേഹമായിരിക്കണമേ


രൂപതാദിനം - ജൂൺ 12

കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ജൂൺ 2021 വാല്യം 60 ലക്കം 6



## ഉള്ളടക്കം


5 വിശ്വാസപരിശീലനത്തിലൂടെ വിശ്വാസാനുഭവത്തിലേക്ക്

10 മൈനർ സെമിനാരി

10 വിജ്ഞാനഭവൻ

17 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

18 സോഷ്യൽ സർവീസ്

20 ചെറുപുഷ്പ മിഷൻലീഗ്

23 കെ. സി. എസ്. എൽ.

24 ഫാമിലി അപ്പോസ്റ്റലേറ്റ്

25 മാതൃവേദി

25 ഡി. എഫ്. സി.

26 യുവദീപ്തി–KCYM

28 ജീസസ് യൂത്ത്

30 കത്തോലിക്കാകോൺഗ്രസ്

32 പ്രാർത്ഥനാഗ്രൂപ്പ്

32 സെന്റ് വിൻസെന്റ് ഡി പോൾ

33 കേരള ലേബർ മൂവ്മെന്റ്

34 ഇൻഫാം

35 തിരുനാൾ മംഗളങ്ങൾ

36 രൂപതാദ്ധ്യക്ഷന്റെ ഡയറി

38 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE PULLOPPILLIL

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com


## പള്ളിയിൽ അറിയിക്കുവാൻ


Page 10 വൊക്കേഷൻ ക്യാമ്പ്

Page 10 അദ്ധ്യയനവർഷ രൂപതാതലഉദ്ഘാടനം

Page 24 ഓൺലൈൻ കൗൺസലിംഗ്


## തിരുനാളുകൾ




**1**
വി. ജസ്റ്റിൻ




**3**
പരി. കുർബാനയുടെ തിരുനാൾ




**8**
വി. മറിയം ത്രേസ്യാ



**9**
മാർ അപ്രേം




**11**
ഈശോയുടെ തിരുഹൃദയ തിരുനാൾ



**11**
ബർണ്ണബാസ് ശ്ലീഹ




**12**
മാതാവിന്റെ വിമലഹൃദയം




**12**
പാദുവായിലെ വി. അന്തോണീസ്




**22**
വി. തോമസ് മൂർ
വി. ജോൺ ഫിഷർ



**24**
വി. യോഹന്നാൻ മാംദാന യുടെ ജനനം



**28**
വി. ഇരണേവൂസ്



**29**
വി. പത്രോസ്
വി. പൗലോസ്
ശ്ലീഹന്മാർ

# വിശ്വാസപരിശീലനത്തിലൂടെ വിശ്വാസാനുഭവത്തിലേക്ക്

ദൈവകൃപയാൽ
കോതമംഗലം രൂപതയുടെ മെത്രാനായ
**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും
സന്യാസിനീസന്യാസികൾക്കും
അല്മായ വിശ്വാസികൾക്കും എഴുതുന്നത്

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

“നമ്മുടെ പിതാവായ ദൈവത്തിൽ നിന്നും കർത്താവായ ഈശോമിശിഹായിൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും” (എഫേ. 1:2). കോവിഡ്-19 ലോകം മുഴുവൻ പടർന്നുപിടിച്ചിരിക്കുന്നതുമൂലം അസാധാരണമായ ഒരു കാലഘട്ടത്തെ അതിജീവിക്കാനുള്ള കഠിനപരിശ്രമത്തിലാണ് നാം. ദൈവത്തിന്റെ കരുണയിലും പരിപാലനയിലും പരിപൂർണ്ണമായി ആശ്രയിച്ച് ഈ കഷ്ടപ്പാടുകളെ മറികടക്കാൻ നമുക്ക് സാധിക്കട്ടെ. അപ്രതീക്ഷിത സംഭവങ്ങൾ ജീവിതത്തിലുണ്ടാകുമ്പോൾ പകച്ചുനിൽക്കാതെ പ്രത്യാശയോടെ മുന്നോട്ടുപോകാൻ കഴിയണം. സാമൂഹികവും സാമ്പത്തികവും ആത്മീയവുമായ രംഗങ്ങളിൽ ബുദ്ധിമുട്ടുകൾ പരിഹരിക്കാനുള്ള ശ്രമങ്ങൾക്ക് നമ്മുടെ പൂർണ്ണ പിന്തുണയും സഹകരണവും വാഗ്ദാനം ചെയ്യാം. അപകടകരമായ സാഹചര്യങ്ങളെ മറികടക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്യാം.

വി. കുർബാനയർപ്പണത്തിനും മറ്റു കൂദാശാനുഷ്ഠാനങ്ങൾക്കുമായി ദൈവാലയത്തിലെത്തിച്ചേരാൻ സാധിക്കാത്ത സാഹചര്യത്തിൽ ‘കുടുംബങ്ങൾ ദൈവാലയങ്ങളാക്കാം’ എന്ന ആശയം മനസ്സിൽ സൂക്ഷിച്ചുകൊണ്ടാണ് നമ്മുടെ വിശ്വാസജീവിതത്തെ നാം മുന്നോട്ട് കൊണ്ടുപോകുന്നത്. ‘ഓൺലൈൻ’ വഴി ലഭിക്കുന്ന ഇത്തരം സാധ്യതകൾ ഈ കാലഘട്ടത്തിൽ ഏറെ ആശ്വാസകരമാണ്. എന്നാൽ ഇതിന് പരിമിതികൾ ഏറെയാണുതാനും. നമ്മുടെ ഭവനങ്ങളിലെ കുട്ടികളുടെ കാര്യം ഈ അവസരത്തിൽ സവിശേഷ ശ്രദ്ധ അർഹിക്കുന്നതാണ്. സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സാധാരണ

രീതിയിലേക്ക് എന്ന് തിരിച്ചുവരും എന്ന കാര്യത്തിൽ ആശങ്ക നില നിൽക്കുകയാണ്.

മതബോധനശുശ്രൂഷ ഗൗരവത്തോടെ കണ്ട് കുട്ടികളുടെ വിശ്വാസജീവിതം ശക്തിപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. 2021 മെയ് 10-ാം തീയതി ഫ്രാൻസിസ് മാർപാപ്പാ ആഗോളസഭയിൽ അല്മായ മതബോധന ശുശ്രൂഷ ഔദ്യോഗികമായി സ്ഥാപിച്ചുകൊണ്ട് പ്രസിദ്ധീകരിച്ച അപ്പസ്തോലിക പ്രബോധനമായ 'പുരാതന ശുശ്രൂഷ'യിൽ ഇക്കാര്യം വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. പാശ്ചാത്യ സഭയിലെ സാഹചര്യങ്ങൾ മുൻനിറുത്തിയാണ് മാർപാപ്പാ ഈ പ്രബോധനം നൽകുന്നതെങ്കിലും ഇതിന്റെ ചൈതന്യം സ്വീകരിച്ച് ആവശ്യമായ മേഖലകളിൽ പുനഃപരിശോധന നടത്തി മാറ്റങ്ങൾ വരുത്താനും നാം ശ്രദ്ധിക്കണം.

ദൈവാലയത്തിൽ പോകാനും വേദപാഠക്ലാസ്സുകളിൽ പങ്കെടുക്കാനും സാധിക്കാതെ വരുന്നതുവഴി നമ്മുടെ കുട്ടികളിൽ ഉണ്ടാകുന്ന വ്യക്തിത്വപ്രശ്നങ്ങളും ആത്മീയകാര്യങ്ങളിലെ നിസ്സംഗതയും വലിയ പ്രാധാന്യത്തോടെ നാം പരിഗണിക്കേണ്ടതുണ്ട്. "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52) ഈ തിരുവചനം ഈശോയുടെ വ്യക്തിത്വത്തിന്റെ സമഗ്രതയെ സൂചിപ്പിക്കുന്നതാണ്. ഇത്തരത്തിൽ ഈശോയെപ്പോലെ വളർന്ന് വരേണ്ടവരാണ് നമ്മുടെ കുഞ്ഞുങ്ങൾ. ഈശോ എങ്ങനെയാണ് ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നത്, അവിടുന്ന് എങ്ങനെയാണ് ജ്ഞാനത്തിലും പ്രായത്തിലും ഒരുപോലെ വളർന്നുവന്നത്. ഈയൊരു ചിന്ത നമ്മെ കൊണ്ടെത്തിക്കുന്നത് തിരുക്കുടുംബത്തിലാണ്. പരിശുദ്ധ മാതാവും വിശുദ്ധ യൗസേപ്പിതാവും ബാലനായ ഈശോയെ ദൈവത്തോടും ദൈവിക കാര്യങ്ങളോടും ചേർത്തുനിർത്തി വളർത്തി വലുതാക്കി. ഈ ആത്മീയ ശിക്ഷണത്തിന്റെയും മാതൃകാപരമായ പരിശീലനത്തിന്റെയും ഫലം പിന്നീട് ഈശോയുടെ ജീവിതത്തിലുടനീളം ദൃശ്യമായി. കുടുംബത്തിൽ നിന്ന് മാതാപിതാക്കളിലൂടെ ലഭിക്കുന്ന പരിശീലനത്തിന് പകരമായി മറ്റൊരു സംവിധാനമില്ല എന്നത് ഈശോയുടെ ജീവിതത്തിലൂടെ തെളിയിക്കപ്പെടുകയായിരുന്നു. അനേകം വിശുദ്ധരുടെ ജീവിതത്തിലും അവരുടെ മാതാപിതാക്കന്മാരുടെ വിശുദ്ധ ജീവിതം പ്രചോദനമായിട്ടുണ്ട്.

മിഷൻ മദ്ധ്യസ്ഥയും വേദപാരംഗതയുമായ വി. കൊച്ചുത്രേസ്യയുടെ മാതാപിതാക്കൾ അവളിൽ ചെലുത്തിയ സ്വാധീനം എത്രയോ ശ്രേഷ്ഠമാണ്. തങ്ങളുടെ മകൾക്ക് വിശുദ്ധിയിൽ വളരാനുള്ള നല്ല സാഹചര്യം ഒരുക്കിക്കൊടുത്ത ആ മാതാപിതാക്കളും സഭയിൽ വിശുദ്ധരായി വണങ്ങപ്പെടുന്നു.

പ്രിയപ്പെട്ട മാതാപിതാക്കളെ, ദൈവികമായ ഒരു ദൗത്യമാണ് നിങ്ങൾ ഏറ്റെടുത്തിരിക്കുന്നത്. ദൈവം ദാനമായി നൽകിയ മക്കളെ ദൈവത്തിന് പ്രിയപ്പെട്ടവരായും സമൂഹത്തിന് നന്മ ചെയ്യുന്നവരായും വളർത്തിയെടുക്കേണ്ടത് നിങ്ങളുടെ ഉത്തരവാദിത്വമാണ്. തലമുറകളിലൂടെ കൈമാറിക്കിട്ടിയ വിശ്വാസസമ്പത്ത് നഷ്ടപ്പെട്ടുപോകാതെ കൈമാറ്റം ചെയ്യുക എന്നത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്. ഇത് പ്രായോഗികതലത്തിൽ എത്തിക്കാൻ സാധിക്കാത്ത അനേകം മാതാപിതാക്കന്മാർ ദുഃഖിതരായി നമ്മുടെ ചുറ്റുമുണ്ട്. ഈശോയോടും അവിടുത്തെ മൗതികശരീരമായ സഭയോടും ചേർന്നു നിൽക്കാൻ മക്കളെ പര്യാപ്തരാക്കുക എന്നുള്ളതാണ് മതബോധനത്തിന്റെ അടിസ്ഥാന ലക്ഷ്യം. അനുകൂല ജീവിത സാഹചര്യങ്ങളിൽ സംയമനത്തോടെയും അപ്രതീക്ഷിതമായ തിരിച്ചടികളിൽ തികഞ്ഞ ദൈവാശ്രയബോധത്തോടെയും ജീവിക്കാനുള്ള ആത്മീയപക്വത കൈവരിക്കുമ്പോഴാണ് വർഷങ്ങൾ നീണ്ടുനിൽക്കുന്ന വേദപാഠക്ലാസ്സുകൾ ജീവിതബന്ധിയായിത്തീരുന്നത്. "ശിശുക്കളെ എന്റെ അടുത്ത് വരുവാൻ അനുവദിക്കുവിൻ. അവരെ തടയരുത്; എന്തെന്നാൽ സ്വർഗരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്" (മത്താ. 19:14). ഈശോയുടെ ഈ വാക്കുകൾ കുഞ്ഞുങ്ങളോടുള്ള ഈശോയുടെ സ്നേഹത്തിന്റെയും കരുതലിന്റെയും അടയാളമാണ്. ദൈവത്തിന്റെ ഈ സ്നേഹഭാവം നമ്മുടെ കുഞ്ഞുങ്ങൾക്ക് അനുഭവവേദ്യമാകണമെങ്കിൽ കുടുംബങ്ങളിൽ അനുകൂല സാഹചര്യമൊരുക്കണം. ആത്മീയ കാര്യങ്ങളിലെ അച്ചടക്കവും നല്ല ശീലങ്ങളും കുടുംബങ്ങളിൽ നിന്നും നമ്മുടെ കുഞ്ഞുങ്ങൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ സാധിക്കണം.

മതബോധനം എന്നത് കേവലം ഞായറാഴ്ചകളിലെ വേദപാഠക്ലാസ്സുകളിൽ ചുരുങ്ങിപ്പോകരുത്. ഒരു ശിശു അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതുമുതൽ സവിശേഷ ശ്രദ്ധയോടെ ഈ ദൗത്യം ആരംഭിക്കേണ്ടതുണ്ട്. ഇങ്ങനെ കുഞ്ഞുപ്രായം മുതൽ മനസ്സിലുറയ്ക്കുന്ന

ദൈവിക ചിന്തകളും മാനുഷിക മൂല്യങ്ങളും ജീവിതത്തിലെ ഏതു കാലഘട്ടത്തിലും വിശുദ്ധരായി ജീവിക്കാൻ സഹായിക്കുന്ന ആഴമുള്ള ആത്മീയ ബോധ്യങ്ങളായി മനസ്സിൽ ഉറയ്ക്കും. പന്ത്രണ്ട് വർഷം വിശ്വാസപരിശീലനത്തിലും മതബോധനക്ലാസ്സുകളിലും പങ്കെടുത്തിട്ട് വിശ്വാസജീവിതത്തിൽ ആഴപ്പെടാൻ സാധിക്കാത്ത യുവജനങ്ങൾ നമ്മുടെ ഇടയിലുണ്ട് എന്ന് ദുഃഖകരമാണ്. ഈ പ്രശ്നം പരിഹരിക്കപ്പെടണമെങ്കിൽ നമ്മുടെ മതബോധനരീതികളിലും സമീപനശൈലികളിലും കാലോചിതമായ മാറ്റങ്ങളും നവീകരണങ്ങളും ആവശ്യമാണ്. നവീനമായ സംരംഭങ്ങൾ കൃത്യതയോടെ പ്രാവർത്തികമാക്കിയാൽ വിജയമാകും എന്നത് ഉറപ്പാണ്. നമ്മുടെ രൂപതയിലെ 90 ഇടവകകളിൽ വളരെ സജീവമായി മുന്നോട്ടുപോകുന്ന ബൈബിൾ നേഴ്സറി ഇതിന് ഉത്തമ ഉദാഹരണമാണ്. ഇപ്പോഴത്തെ പ്രത്യേകസാഹചര്യത്തിൽ കുടുംബകേന്ദ്രീകൃതമായി ഇത്തരം കാര്യങ്ങൾ നടപ്പിൽ വരുത്തണം. കുടുംബങ്ങളിലെ പ്രാർത്ഥനാന്തരീക്ഷം സജീവമാകണം. സന്ധ്യാപ്രാർത്ഥന നയിക്കാനും വി. ഗ്രന്ഥം വായിക്കാനും കുട്ടികളെ മാതാപിതാക്കൾ പ്രോത്സാഹിപ്പിക്കണം. ഒരുമിച്ച് പ്രാർത്ഥിക്കാനും ആത്മീയ കാര്യങ്ങൾ പരസ്പരം പങ്കുവയ്ക്കുവാനുമായി ഇടവകകളിൽ വാർഡ് തലത്തിൽ കുട്ടികൾക്കു മാത്രമായുള്ള കൂട്ടായ്മകൾ പ്രോത്സാഹിപ്പിക്കണം. മാതാപിതാക്കളുടെ നിർദ്ദേശങ്ങളും ഉപദേശങ്ങളും നല്ല മനസ്സോടെ കുട്ടികൾ അനുസരിക്കുകയും വേണം.

മാതാപിതാക്കളും മതാദ്ധ്യാപകരും മക്കളും ഒന്നു ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെ മുന്നോട്ട് പോയാൽ മാത്രമേ ദൈവാനുഭവവും ആത്മീയ പക്വതയുമുള്ള തലമുറ രൂപപ്പെടുകയുള്ളൂ. നമ്മുടെ കുഞ്ഞുങ്ങൾക്ക് നാം കൊടുക്കുന്ന വിശ്വാസപരിശീലനവും മതബോധനവും അവർ വിശ്വാസത്തിൽ ആഴപ്പെടുന്നതിന് കാരണമാകണം. ഈ വർഷത്തെ നമ്മുടെ മതബോധനക്ലാസ്സുകൾ ജൂൺ 6-ാം തീയതി കത്തീഡ്രൽ പള്ളിയിൽ വച്ച് വി. കുർബാനയോടെ ആരംഭിക്കുകയാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഓൺലൈൻ ക്ലാസ്സുകൾ തന്നെയാകും നൽകുന്നത്. ഇതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ രൂപതാ മതബോധന കേന്ദ്രം വഴി നിങ്ങളെ അറിയിക്കുന്നതാണ്. പൊതുവായി ലഭിക്കുന്ന ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനോടൊപ്പം ഇടവകതലത്തിൽ ചെറിയ ഓൺലൈൻ സമ്മേളനങ്ങൾ (ക്ലാസ് തലത്തിലോ,

അല്ലാതെയോ) വഴി പാഠ്യവിഷയങ്ങൾ കുട്ടികൾക്ക് വിശദീകരിച്ച് നൽകുന്നതും ഉചിതമാണ്.

ഈ പ്രതികൂലമായ സാഹചര്യത്തിൽ ദൈവികമായ സാധ്യതകൾ തിരിച്ചറിഞ്ഞ് പ്രതീക്ഷയോടെ നമുക്ക് മുന്നോട്ട് പോകാം. ദൈവത്തിന് മാത്രമേ നമ്മെ പരിപാലിക്കാനും രക്ഷിക്കാനും സാധിക്കൂ എന്ന് നമുക്ക് ഉറച്ച് വിശ്വസിക്കാം. ഈ വിശ്വാസത്തിൽ ആഴപ്പെടാൻ നമ്മുടെ കുഞ്ഞുങ്ങളെ ദൈവത്തോട് ചേർത്തുനിർത്തി വളർത്താം. “സഭയുടെ മേൽ തന്റെ വിവേചനവരങ്ങൾ ചൊരിയുന്നതിൽ ഒരിക്കലും കുറവു വരുത്തിയിട്ടില്ലാത്ത പരിശുദ്ധാത്മാവ് നമ്മുടെ മതബോധന ശുശ്രൂഷകളെ ഫലമണിയിക്കട്ടെ.” ഫ്രാൻസിസ് മാർപാപ്പായുടെ ഈ വാക്കുകൾ നമ്മുടെ പ്രവർത്തനങ്ങൾക്ക് ശക്തി പകരട്ടെ. ദൈവകരുണയിലാശ്രയിച്ചും സഭാകൂട്ടായ്മയിൽ ശക്തിപ്പെട്ടും വളർന്നുവരുന്ന തലമുറയെ നമുക്ക് സ്വപ്നം കാണാം.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യാമറിയത്തിന്റെ വിമലഹൃദയത്തിന് നിങ്ങളെ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

കോതമംഗലം രൂപതാദ്ധ്യക്ഷൻ

## മൈനർ സെമിനാരി

### *MS 14/2021* വൊക്കേഷൻ ക്യാമ്പ്

രൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം നേടാൻ ആഗ്രഹിക്കുന്ന SSLC, Plus Two പരീക്ഷകൾ എഴുതിയിരിക്കുന്നവരും ഉപരി വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ കുട്ടികൾ ബഹു. വികാരിയച്ചന്മാരുടെ നിർദ്ദേശാനുസരണം രൂപതാ വൊക്കേഷൻ പ്രമോട്ടറുമായി (ഫാ. ആന്റണി വിളയപ്പിള്ളിൽ - Ph. 8078823782) ബന്ധപ്പെടുമല്ലോ.

### *MS 15 /2021* സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ

| | | | |
|---|---|---|---|
| 1 | Rev. Fr. Paul Nedumpurath | ₹ | 50,000 |
| 2 | Joy Chettipparambil, Nediasala | ₹ | 25,000 |
| 3 | One Benefactor | ₹ | 20,000 |
| 4 | One Benefactor | ₹ | 5,000 |
| 5 | One Benefactor | ₹ | 10,000 |
| 6 | One Benefactor | ₹ | 5,000 |
| 7 | Francis Kavumpuram in memory of Bro. Jose Kavumpuram | ₹ | 2,000 |

*Rector*

## വിജ്ഞാനഭവൻ

### *V. 29/2021* അദ്ധ്യയനവർഷ ഉദ്ഘാടനം

2021-22 വർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകളുടെ ഉദ്ഘാടനം മെയ് 30-ാം തീയതി ഞായറാഴ്ച അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് നിർവഹിച്ചു.

### *V. 30/2021* അദ്ധ്യയനവർഷ രൂപതാതല ഉദ്ഘാടനം

അദ്ധ്യയനവർഷത്തെ വിശ്വാസപരിശീലനത്തിന്റെ രൂപതാതല ഉദ്ഘാടനം ജൂൺ 6-ാം തീയതി ഞായറാഴ്ച അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിർവഹിക്കും. രാവിലെ 9.00 മണിക്ക്

വി. കുർബാന അർപ്പിച്ചായിരിക്കും ഉദ്ഘാടനം ചെയ്യുന്നത്. KCV യിലും Carlo TV Youtube ചാനലിലും തത്സമയ സംപ്രേഷണം ഉണ്ടായിരിക്കും. എല്ലാ വിശ്വാസപരിശീലകരും വിദ്യാർത്ഥികളും മാതാപിതാക്കളും അതിൽ സംബന്ധിക്കാൻ ശ്രദ്ധിക്കുമല്ലോ.

### *V. 31/2021* ഓറിയന്റേഷൻ ക്ലാസ്സ് – ജൂൺ 06

വിശ്വാസപരിശീലനത്തിന്റെ പുതിയ അധ്യയന വർഷം ആരംഭിക്കുകയാണല്ലോ. നേരത്തെ അറിയിച്ചിരുന്നതുപോലെ കാക്കനാട് നിന്ന് പൊതുവായിട്ടായിരിക്കും ഈ വർഷത്തെ ക്ലാസുകൾ. SHALOM, GOODNESS, SHEKINAH എന്നീ ചാനലുകളിൽ ക്ലാസുകൾ സംപ്രേഷണം ചെയ്യുന്നതാണ്. ജൂൺ 6 ഞായറാഴ്ച പൊതുവായ ഓറിയന്റേഷൻ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. എല്ലാവരും ഈ ഓറിയന്റേഷൻ ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്. സമയം:

| | | |
|---|---|---|
| SHALOM TV | - | 11.30 am - 12.00 noon |
| GOODNESS TV | - | 1.30 pm - 2.00 pm |
| SHEKINAH TV | - | 5.30 pm - 6.00 pm |

### *V. 32/2021* വിശ്വാസപരിശീലന ക്ലാസ്സുകൾ – 07–06–2021 മുതൽ

MALAYALAM CLASS TIMINGS

| Class, Days | Shalom TV | Goodness TV | Shekinah TV |
|---|---|---|---|
| Std-1 Monday | 11.30am–11.45am | 01.30pm–01.45pm | 05.30pm-05.45pm |
| Std-2 Monday | 11.45am–12.00pm | 01.45pm–02.00pm | 05.45pm-06.00pm |
| Std-3 Tuesday | 11.30am–11.45am | 01.30pm–01.45pm | 05.30pm-05.45pm |
| Std-4 Tuesday | 11.45am–12.00pm | 01.45pm–02.00pm | 05.45pm-06.00pm |
| Std-5 Wednesday | 11.30am–11.45am | 01.30pm–01.45pm | 05.30pm-05.45pm |
| Std-6 Wednesday | 11.45am–12.00pm | 01.45pm–02.00pm | 05.45pm-06.00pm |
| Std-7 Thursday | 11.30am–11.45am | 01.30pm–01.45pm | 05.30pm-05.45pm |
| Std-8 Thursday | 11.45am–12.00pm | 01.45pm–02.00pm | 05.45pm-06.00pm |

| | | | |
|---|---|---|---|
| Std-9 Friday | 11.30am–11.45am | 01.30pm–01.45pm | 05.30pm-05.45pm |
| Std-10 Friday | 11.45am–12.00pm | 01.45pm–02.00pm | 05.45pm-06.00pm |
| Std-11 Saturday | 11.30am–11.45am | 01.30pm–01.45pm | 05.30pm-05.45pm |
| Std-12 Saturday | 11.45 am–12.00pm | 01.45pm–02.00pm | 05.45pm-06.00pm |

**NB: ബൈബിൾ നേഴ്സറി ക്ലാസ്സുകളുടെ കാര്യം പിന്നീട് അറിയിക്കാം.**

*V. 33/2021* **നവാഗതരായ അദ്ധ്യാപകർക്ക് ട്രെയിനിംഗ്**

നമ്മുടെ ഇടവകകളിൽ പുതുതായി join -ചെയ്ത Catechism അധ്യാപകർക്കായി ഒരു training programme കാക്കനാട് നിന്ന് നടത്തുന്നു. June 1 മുതൽ ആഴ്ചയിൽ മൂന്ന് ദിവസം വൈകിട്ട് ഒരു മണിക്കൂർ വച്ച് (8.30 മുതൽ 9.30 വരെ) ആയിരിക്കും ക്ലാസ്സ്. രജിസ്റ്റർ ചെയ്ത എല്ലാവരും കൃത്യമായി പങ്കെടുക്കണം എന്ന കാര്യം ഓർമ്മപ്പെടുത്തുന്നു. **പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.**

1. Concept of Catechesis - June 1, Tuesday - Dr. Thomas Melvettath
2. Source of Catechesis- June 2, Wednesday- ABp. George Njaralakkatt
3. Objectives of Catechesis - June 3, Thursday- Msgr. Joseph Puthiyedath
4. Approaches in Catechesis (Trinitarian, Christo, Ecclesio, Human) June 7, Monday - Dr. Sebastian Chalakkal
5. Different forums of Catechesis - June 8, Tuesday - Dr. Jimmy Poochakkatt
6. Jesus the Guru (Models & Teaching Methods)- June 9, Wednesday - Mr. Joby John Moolayil
7. Catechesis & Bible- June 14, Monday - Mar Joseph Pamplany
8. Liturgical – Mystagogical Catechesis -June 15, Tuesday - Dr. Francis Pittappillil
9. Church as communion of Churches (Ecclesiology) - June 16, Wednesday- Dr. Joji Kallingal
10. Theology of Sacraments - June 21, Monday - Dr. Jacob Kizhakkeveedu

11. Moral Theology-Importance of Conscience formation - June 22, Tuesday-Dr. Mathew Illathuparambil
12. Church history - June 23, Wednesday- Dr. James Puliyurumbil
13. Educational, Psychological and Catechetical methodology- June 24, Thursday- Fr. Kuriakose Azhakath MST
14. Understanding the Psychology of the Catechism students from I - XII Standards- June 28, Monday- Bp Thomas Tharayil
15. The importance of an active communication between Vicar, Catechist, PTA- June 29, Tuesday- Mr. Deepu Valiamattam
16. Ongoing Catechesis in and through the Saints and blessed of Syro-Malabar Church- June 30, Wednesday- Dr. Thomas Adoppillil
17. Catechesis and Media- July 5, Monday- Fr. Jolly Vadakkan
18. Demonstration classes- July 6, Tuesday- Sr Lincy Augustine SH

*V. 34/2021* **ബൈബിൾ നേഴ്സറി**

2021–2022 അദ്ധ്യയന വർഷം ബൈബിൾ നേഴ്സറി എല്ലാ ഇടവകകളിലും തുടർന്ന് കൊണ്ടുപോകുവാൻ ശ്രദ്ധിക്കുമല്ലോ. പുസ്തകങ്ങൾ വിജ്ഞാനഭവനിൽ നിന്നും ലഭിക്കുന്നതാണ്.

*V.35/2021* **PTA**

വിശ്വാസപരിശീലനം ശക്തിപ്പെടുത്തുന്നതിനായി പി.റ്റി.എ. കമ്മിറ്റി രൂപീകരിക്കാൻ ശ്രദ്ധിക്കുമല്ലോ. പി.റ്റി.എ. കമ്മിറ്റിയംഗങ്ങളുടെ ലിസ്റ്റ് സൈറ്റിൽ ചേർക്കുമല്ലോ. (പി.റ്റി.എ. മീറ്റിംഗ് ഓൺലൈനായി നടത്തുന്നത് ഉചിതമായിരിക്കും).

*V. 36/2021* **സ്റ്റാഫ് സ്റ്റേറ്റ്മെന്റ്**

സ്റ്റാഫ് സ്റ്റേറ്റ്മെന്റ് സൺഡേ സ്കൂൾ ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ സൈറ്റിൽ ചേർക്കുമല്ലോ. സ്റ്റേറ്റ്മെന്റിൽ റോൾ നമ്പർ, ഫോൺ നമ്പർ, മൊബൈൽ നമ്പർ എന്നിവ ചേർക്കുന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. എല്ലാ കോളങ്ങളും കൃത്യമായി പൂരിപ്പിക്കണം.

*V. 37/2021* **പ്രൈവറ്റ് രജിസ്ട്രേഷൻ**

സൺഡേസ്കൂൾ പഠനത്തിന് പ്രൈവറ്റ് രജിസ്ട്രേഷൻ കഴിയുന്നത്ര നിരുത്സാഹപ്പെടുത്തുക. XI, XII ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ ആഗസ്റ്റ് മാസത്തിലും ജനുവരി മാസത്തിലും മൂവാറ്റുപുഴ NESTT –ൽ നടക്കുന്ന കോൺടാക്റ്റ് ക്ലാസ്സുകളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ് എന്ന കാര്യം ബഹുമാനപ്പെട്ട ഹെഡ്മാ

സ്റ്റർമാർ രജിസ്ട്രേഷന് വരുന്ന കുട്ടികളെ മുൻകൂട്ടി അറിയിക്കുമല്ലോ. **ഇത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക:**

1 പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസ് 250 രൂപയാണ്. പുസ്തകത്തിന്റെ വിലയും പരീക്ഷാഫീസും കോൺടാക്റ്റ് ക്ലാസ്സിന്റെ ഫീസും ഇതിൽ ഉൾപ്പെടുന്നു.

2 11-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ 10-ാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും 12-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ 11-ാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും അപേക്ഷാഫോറത്തോടൊപ്പം നൽകേണ്ടതാണ്. ഇവ നൽകാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

3 ലിസ്റ്റിൽ ഇവരുടെ പേര് എന്റർ ചെയ്യുമ്പോൾ PVT എന്ന് ബ്രായ്ക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. പ്രത്യേകം എഴുതിച്ചേർത്ത് റിമാർക്ക് കോളത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്.

4 പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവരല്ലാതെ ആരെങ്കിലും വേദപാഠക്ലാസ്സിൽ പതിവായി വരാതിരുന്നാൽ അവരെ ഒരു കാരണവശാലും പരീക്ഷ എഴുതിക്കുവാൻ പാടുള്ളതല്ല.

5 11-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവരും 12-ൽ പ്രൈവറ്റായി പരീക്ഷയെഴുതുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കോൺടാക്റ്റ് ക്ലാസ്സ് 1-ാം സെമസ്റ്റർ**

XI - 2021 ആഗസ്റ്റ് 14 ശനി
XII - 2021 ആഗസ്റ്റ് 14 ശനി

**കോൺടാക്റ്റ് ക്ലാസ്സ് 2-ാം സെമസ്റ്റർ**

XI - 2022 ജനുവരി 8 ശനി
XII - 2022 ജനുവരി 8 ശനി

സ്ഥലം : NESTT, Muvattupuzha
സമയം : രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ

NB: രണ്ട് കോൺടാക്റ്റ് ക്ലാസ്സുകളിലും വരുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ഉച്ചഭക്ഷണം കുട്ടികൾ കൊണ്ടുവരേണ്ടതാണ്. കോൺടാക്റ്റ് ക്ലാസ്സ് കൂടാത്തവർ നിർബന്ധമായും 5 ദിവസത്തെ ധ്യാനം കൂടണം. ധ്യാനം കൂടിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.

*V.38/2021* **വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന**

ഈ വർഷം കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാവന 20 രൂപയാണ്. ഈ തുക വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണമെന്ന കാര്യം സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. വിജ്ഞാനഭവന്റെ വിജയകരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

*V. 39/2021* **ടീച്ചേഴ്സ് ക്വിസ്, കവിത**

ടീച്ചേഴ്സ് ക്വിസ്, കവിത എന്നിവയുടെ പഠനഭാഗം വിജ്ഞാനഭവൻ ഗ്രൂപ്പിലൂടെ അറിയിക്കുന്നതായിരിക്കും.

*V. 40/2021* **Admission Register, Classwise Register, Attendance Book, Bag etc.**

രജിസ്റ്ററുകൾ വിജ്ഞാനഭവൻ ബുക്ക് സ്റ്റാളിൽ നിന്നും ലഭിക്കുന്നതാണ്. രജിസ്റ്ററുകളുടെ വില താഴെചേർക്കുന്നു.

| | | | |
|---|---|---|---|
| Admission Register | - | ₹ | 300 |
| Classwise Register (P. 50) | - | ₹ | 120 |
| Classwise Register (P. 30) | - | ₹ | 90 |
| Classwise Register (P. 20) | - | ₹ | 70 |
| Certificate Book | - | ₹ | 10 |
| Attendance Book | - | ₹ | 10 |
| T.C. Form (Book) | - | ₹ | 50 |
| Application Form | - | ₹ | 30 |
| Teachers' Attendance | - | ₹ | 60 |
| Sunday School Bag | - | ₹ | 70, 130 |

*V. 41/2021* **പുസ്തക വിതരണം**

ഈ അദ്ധ്യയനവർഷത്തിലെ **സൺഡേ സ്കൂൾ പുസ്തകങ്ങളും, റഗുലർ സ്കൂളുകളിലേക്കുള്ള വേദപാഠം, മോറൽ സയൻസ് പുസ്തകങ്ങളും വാങ്ങാൻ വരുന്നവർ ജൂൺ 1-ന് ശേഷം വിളിച്ച് പുസ്തകം വന്നു എന്ന് ഉറപ്പുവരുത്തിയതിനുശേഷം വരേണ്ടതാണ്. ഫോൺ. 9495843287.** ഓർഡർ ചെയ്തിരിക്കുന്ന സൺഡേ കാറ്റിക്കിസം, സ്കൂൾ കാറ്റിക്കിസം, മോറൽ സയൻസ് പുസ്തകങ്ങൾക്ക് 3% കമ്മീഷൻ ലഭിക്കുന്നതാണ്. പുസ്തകങ്ങൾ വാങ്ങുമ്പോൾ മുഴുവൻ വിലയും നൽകി വാങ്ങേണ്ടതാണ്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. പുസ്തകങ്ങളുടെ വില താഴെ ചേർക്കുന്നു.

| Std. | Sunday School Mal. | Sunday School Eng. | Reg. School Cat. | Moral Science Mal. | Moral Science Eng. |
|---|---|---|---|---|---|
| I | ₹ 25 | ₹ 35 | ₹ 35 | ₹ 45 | ₹ 55 |
| II | ₹ 25 | ₹ 35 | ₹ 35 | ₹ 45 | ₹ 55 |
| III | ₹ 25 | ₹ 35 | ₹ 35 | ₹ 45 | ₹ 55 |
| IV | ₹ 25 | ₹ 35 | ₹ 35 | ₹ 45 | ₹ 55 |
| V | ₹ 30 | ₹ 40 | ₹ 35 | ₹ 50 | ₹ 55 |
| VI | ₹ 30 | ₹ 40 | ₹ 35 | ₹ 50 | ₹ 55 |
| VII | ₹ 30 | ₹ 40 | ₹ 35 | ₹ 50 | ₹ 55 |
| VIII | ₹ 30 | ₹ 40 | ₹ 30 | ₹ 50 | ₹ 55 |
| IX | ₹ 30 | ₹ 40 | ₹ 30 | ₹ 50 | ₹ 60 |
| X | ₹ 30 | ₹ 40 | ₹ 30 | ₹ 50 | ₹ 60 |
| XI | ₹ 30 | ₹ 40 | - | ₹ 40 | ₹ 70 |
| XII | ₹ 30 | ₹ 40 | - | ₹ 40 | ₹ 70 |

★വിശ്വാസോത്സവ പുസ്തക വില 40 രൂപ.

### *V. 42/2021* അദ്ധ്യാപക സഹായി

സൺഡേ സ്കൂൾ അദ്ധ്യാപകർക്കായുള്ള അദ്ധ്യാപക സഹായി വിജ്ഞാനഭവൻ ഓഫീസിൽ നിന്നും ലഭ്യമാണ് (Std. 1-10).

### *V. 43/2021* ലോഗോസ് ക്വിസ് 2021

വി. ഗ്രന്ഥം പഠിക്കുവാൻ KCBC ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ലോഗോസ് ക്വിസ് ഈ വർഷവും നടത്തപ്പെടുന്നു. ഓരോ ഇടവകയിൽനിന്നും വിവിധ പ്രായക്കാരായ ആളുകളെ പങ്കെടുപ്പിക്കുന്നതോടൊപ്പം Std. V-ന് മുകളിലോട്ടുള്ള എല്ലാ കുട്ടികളെയും ഈ പഠനത്തിലും പരീക്ഷയിലും പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. എല്ലാ വിശ്വാസപരിശീലകരും ഇതിൽ പങ്കുചേരേണ്ടതാണ്. ഞായറാഴ്ചകളിൽ വചനശുശ്രൂഷയ്ക്കിടയിലും കുടുംബകൂട്ടായ്മകളിലൂടെയും ലോഗോസ് ക്വിസിന് കൂടുതൽ പ്രചാരം കൊടുക്കുവാനും മുതിർന്ന ആളുകളെ കൂടുതലായി ഈ നല്ല സംരംഭത്തിൽ പങ്കാളികളാക്കുവാനും ബഹു. വികാരിയച്ചന്മാർ താൽപര്യമെടുക്കുന്നത് ഉചിതമായിരിക്കും.

Study Guide: www.keralabiblesociety.com

മത്സരത്തിനുള്ള പാഠഭാഗങ്ങൾ:

**1) നിയമാവർത്തനം 22-34 2) പ്രഭാഷകൻ 18-22**

3) വി. മർക്കോസ് 1-8 4) 1 കോറി. 1-8

പഠനത്തിനായി ഉപയോഗിക്കേണ്ടത് POC ബൈബിളും, ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്.

**വിശദവിവരങ്ങൾ വിജ്ഞാനഭവൻ ഗ്രൂപ്പിലും ജൂലൈ മാസത്തിലെ ദൈവരാജ്യത്തിലും അറിയിക്കുന്നതാണ്.**

*V. 44/2021* **ആദ്യകുർബാന പുസ്തകം**

ആദ്യകുർബാനയ്ക്ക് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. ക്ലാസ്സ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. ചെറിയവേദോപദേശം, പോക്കറ്റ് ബൈബിൾ, കുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ മുതലായവയും ലഭ്യമാണ്.

*Director*

---

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 14/2021* **സ്കൂൾ വർഷാരംഭം**

2021-22 അദ്ധ്യയനവർഷത്തിന്റെ തുടക്കത്തെക്കുറിച്ച് ഗവൺമെന്റ് അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. കുട്ടികളെ ചേർക്കുവാനുള്ള അനുവാദവും ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുവാനുള്ള അനുവാദവും ലഭിക്കും. ജോലിയിൽ നിന്ന് വിരമിച്ചവർക്ക് പകരം അദ്ധ്യാപകരെ നിയമിക്കാൻ അനുവാദം ലഭിച്ചിട്ടില്ല. അതുകൊണ്ട് ഓൺലൈൻ ക്ലാസ്സിനുള്ളവരെ ഇവിടെനിന്ന് താല്ക്കാലികമായി നിയോഗിക്കുന്നതാണ്.

*Edn.15/2021* **ഇന്റർവ്യൂ- പരീക്ഷ**

അദ്ധ്യാപക തസ്തികയിലേക്ക് ഉദ്ദേശിച്ചിരുന്ന പരീക്ഷയും ഇന്റർവ്യൂവും നടത്താൻ ഇപ്പോൾ സാഹചര്യങ്ങൾ അനുകൂലമല്ല. സാഹചര്യങ്ങൾ അനുകൂലമാകുമ്പോൾ കാര്യങ്ങൾ വിശദമായി അറിയിക്കുന്നതുമാണ്.

*Secretary*

# സോഷ്യൽ സർവീസ്

## SS. 20/2021 ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു

കോതമംഗലം രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കോതമംഗലം വാളാടിതണ്ട് കോളനിയിൽ 53 വീടുകൾക്ക് ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തു. കോവിഡിന്റെ പശ്ചാത്തലത്തിൽ ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിലാണ് കിറ്റുകൾ നൽകിയത്. കോതമംഗലം രൂപത വികാരി ജനറാൾ മാരായ മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ, മോൺ. ഫ്രാൻസിസ് കീരംപാറ എന്നിവർ മുൻസിപ്പൽ കൗൺസിലർ കെ.വി. തോമസിന് കിറ്റുകൾ കൈമാറിക്കൊണ്ട് വിതരണം ഉദ്ഘാടനം ചെയ്തു. സോഷ്യൽ സർവീസ് സൊസൈറ്റിഡയറക്ടർ റവ. ഫാ. തോമസ് ജെ. പറയിടം, കോതമംഗലം സമരിറ്റൻസ് ടീം അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. നാടുകാണി സാൻജോഭവനുമായി സഹകരിച്ച് ഭക്ഷ്യകിറ്റുകൾ നൽകി. രൂപതയിലെ പല ഇടവകകളിലും ബഹു. വികാരിയച്ചന്മാരുടെ അഭ്യർത്ഥനപ്രകാരം ഭക്ഷ്യകിറ്റുകളും ക്ലീനിംഗ് ഐറ്റംസും വിതരണം ചെയ്തു.

## SS. 21/2021 ആശാകിരണം സഹായം

ആശാകിരണം പദ്ധതി വഴി ക്യാൻസർ രോഗികളുടെ ചികിത്സക്കും മറ്റു സഹായങ്ങൾക്കുമായി 2020-2021 സാമ്പത്തിക വർഷത്തിൽ 26,82,680.40 രൂപ നൽകി.

## SS. 22/2021 പൊതുവായ സഹായങ്ങൾ

വിദ്യാഭ്യാസ സഹായം, വീട് മെയിന്റനൻസ് തുടങ്ങിയ കാര്യങ്ങൾക്കായി 2020-2021 സാമ്പത്തിക വർഷത്തിൽ 6,96,329 രൂപ നൽകി.

## SS. 23/2021 കോവിഡ് -19 മെഡിക്കൽ സേഫ്റ്റി കിറ്റ്

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കെ.സി.ബി.സി. വഴി ലഭ്യമാക്കുന്ന മെഡിക്കൽ സേഫ്റ്റികിറ്റുകൾ വിതരണം ചെയ്തു വരുന്നു. ആദ്യഘട്ടമായി വന്ന കിറ്റുകൾ വിവിധ ഇടവകകളിലും സ്ഥാപനങ്ങളിലും എത്തിച്ചുനൽകി. തുടർന്ന് ഇടവകകളിൽ നിന്നും ലഭിക്കുന്ന ഓർഡർ അനുസരിച്ചുള്ള കിറ്റുകൾ ജീവ മെഡി

ക്കൽസിന്റെ മൂവാറ്റുപുഴ, കോതമംഗലം, വാഴക്കുളം, തൊടുപുഴ, വണ്ണപ്പുറം എന്നീ അഞ്ചു ബ്രാഞ്ചുകൾ വഴി വിതരണം ചെയ്തുവരുന്നു.

*SS. 24/2021* **തീരദേശവാസികൾക്ക് സഹായം**

കടൽക്ഷോഭം മൂലം ബുദ്ധിമുട്ടുന്ന തീരപ്രദേശത്തുള്ളവർക്ക് വീടുകൾക്ക് താല്ക്കാലിക സുരക്ഷ ഒരുക്കുവാനായി പ്ലാസ്റ്റിക് ചാക്കുകൾ എത്തിച്ചു നൽകി.

പ്രശ്നബാധിത പ്രദേശങ്ങളിലെ സോഷ്യൽ സർവീസ് സൊസൈറ്റികളുമായി ബന്ധപ്പെട്ട് ഭക്ഷ്യവസ്തുക്കൾ, പലചരക്ക് സാധനങ്ങൾ, ക്ലീനിംഗ് ഐറ്റംസ് എന്നിവ എത്തിച്ചു നൽകുവാൻ ക്രമീകരണങ്ങൾ ചെയ്തു വരുന്നു. രൂപതയിലെ പല സെന്ററുകളിൽ നിന്നും സന്നദ്ധസംഘടനകൾവഴി മുൻപറഞ്ഞ സഹായങ്ങൾ ചെയ്യുന്നുണ്ട്.

*SS. 25/2021* **ആശാകിരണം ടെലി കൗൺസലിംഗ്**

കോവിഡ് -19 രോഗത്തിന്റെ പശ്ചാത്തലത്തിൽ കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ആശാകിരണം പദ്ധതിയുടെ ഭാഗമായി കാൻസർ രോഗബാധിതർക്കും കുടുംബാംഗങ്ങൾക്കുമായി ടെലി-കൗൺസലിംഗ് സഹായം ഏർപ്പെടുത്തി.

*SS. 26/2021* **ആദരാഞ്ജലികൾ**

കോതമംഗലം രൂപത ക്രെഡിറ്റു യൂണിയന്റെ വൈസ് പ്രസിഡന്റായി കഴിഞ്ഞ ആറു വർഷക്കാലം സ്തുത്യർഹമായി സേവനം ചെയ്ത ശ്രീ. ജോൺസൺ വെള്ളാപ്പുഴയുടെ ആകസ്മികമായ നിര്യാണത്തിൽ കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആദരാഞ്ജലികൾ. ഈ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങൾക്ക് അനുശോചനങ്ങളും പ്രാർത്ഥനയും നേരുന്നു.

*SS. 27/2021* **കോതമംഗലം സമരിറ്റൻസിന്റെ സേവനങ്ങൾക്ക് നന്ദി**

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ കോതമംഗലം സമരിറ്റൻസ് ചെയ്തുവരുന്ന സേവനങ്ങൾ മഹത്തരമാണ്. ഈ ദിവസങ്ങളിൽ മെഡിക്കൽ സേഫ്റ്റി കിറ്റുകൾ തയ്യാറാക്കുന്നതിനും ഇടവകകളിൽ എത്തിച്ചു നൽകുന്നതിനും ഭക്ഷണ കിറ്റുകൾ വിതരണം ചെയ്യുന്നതിനും മൃതസംസ്കാര ശുശ്രൂഷകൾ സഭാപാരമ്പര്യവും ആരാധനാക്രമവുമനുസരിച്ച് നടത്തുന്നതിനും വളരെ ആത്മാർത്ഥതയോടെ

പ്രവർത്തിച്ചുവരുന്ന സന്നദ്ധസേനാംഗങ്ങൾക്ക് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. കോതമംഗലം സമരിറ്റൻസിന്റെ നേതൃത്വത്തിൽ ഇതിനോടകം 97 മൃതസംസ്കാരശുശ്രൂഷകൾ നടന്നു. ഒരു ദിവസം തന്നെ നാല് ശുശ്രൂഷകൾ വരെ നടന്ന ദിവസങ്ങളുണ്ട്. പക്ഷേ വളരെ ത്യാഗത്തോടെ സമരിറ്റൻസ് എല്ലാ കാര്യങ്ങളും നടത്തി. മൃതസംസ്കാര ശുശ്രൂഷകളുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് ഇപ്പോൾ പ്രധാനമായും മൂന്നു സോണുകളായാണ് ശുശ്രൂഷകൾ നടത്തിവരുന്നത്. തൊടുപുഴ സോണിന് ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ, ഫാ. ജോയൽ കച്ചിറ പാറേക്കുടി എന്നിവരും മൂവാറ്റുപുഴ സോണിന് ഫാ. ജോർജ് ചെമ്പരത്തിയും കോതമംഗലം സോണിന് ഫാ. പൗലോസ് നെടുംതടത്തിലും നേതൃത്വം നൽകുന്നു. ഈ മൂന്നു സോണുകൾ കൂടാതെ കോതമംഗലം സമരിറ്റൻസിന് കാളിയാർ, ആരക്കുഴ, കരിമണ്ണൂർ എന്നീ ഫൊറോന ടീമുകളും രൂപപ്പെട്ടിട്ടുണ്ട്. പുതിയ ടീമുകൾക്ക് രൂപം നൽകിയ ബഹു. ഫൊറോന വികാരിയച്ചന്മാർക്കും അസി. അച്ചന്മാർക്കും പ്രത്യേകം നന്ദിയും ആദരവും അർപ്പിക്കുന്നു. ഈ സന്നദ്ധസേനയിൽ അംഗങ്ങളായും മറ്റുവിധത്തിലും സഹകരിക്കുന്ന എല്ലാ ബഹു. അച്ചന്മാർക്കും സിസ്റ്റേഴ്സിനും അല്മായ സഹോദരങ്ങൾക്കും ഒരിക്കൽകൂടി ആത്മാർത്ഥമായ നന്ദി.

*Director*

# ചെറുപുഷ്പ മിഷൻലീഗ്

## *CML 25/2021* അഖണ്ഡ ജപമാല പ്രാർത്ഥനായജ്ഞം

രൂപത തീവ്ര പ്രാർത്ഥനായജ്ഞം പ്രഖ്യാപിച്ച മെയ് മാസത്തിലെ ആദ്യവെള്ളിയാഴ്ച ആയിരുന്ന 7-നു പുലർച്ചെ 12 മുതൽ രാത്രി 12 വരെ അഖണ്ഡ ജപമാല സംഘടിപ്പിച്ചു. ഗൂഗിൾ മീറ്റ് വഴി നടന്ന ജപമാലയിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവും നിരവധി വൈദികരും സിസ്റ്റേഴ്സും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരും ഉൾപ്പെടെ രണ്ടായിരത്തോളം പേർ പങ്കെടുത്തു. ഈ പ്രാർത്ഥനായജ്ഞത്തിൽ പങ്കെടുത്ത്, ആശീർവദിച്ചനുഗ്രഹിച്ച അഭിവന്ദ്യ പിതാവിനും, എല്ലാ വൈദികർക്കും, മറ്റെല്ലാവർക്കും മിഷൻ ലീഗ് രൂപതാക്കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

### CML 26/2021 രൂപതാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്

രൂപതയിലെ ശാഖ-മേഖല ജോയിന്റ് ഡയറക്ടർമാരുടെ ഓൺലൈൻ യോഗം 27-4-2021-ന് നടത്തി. എഴുപതോളം ആനിമേറ്റർമാർ പങ്കെടുത്തു. കഴിഞ്ഞ പ്രവർത്തനവർഷം ശാഖ, മേഖലാ തലങ്ങളിൽ നടത്തിയ അഭിനന്ദനാർഹമായ പ്രവർത്തനങ്ങൾക്ക് രൂപതാ കുടുംബം നന്ദി അർപ്പിച്ചു.

### CML 27/2021 HIGHWAY TO HEAVEN

സൈബർ വിശുദ്ധൻ എന്നറിയപ്പെടുന്ന വാ. കാർലോ അക്യൂറ്റിസ് ഏറെ ജനശ്രദ്ധ നേടിയ വർഷമാണ് കടന്നുപോയത്. കുട്ടികൾക്ക് ഈ വിശുദ്ധനെ പരിചയപെടുത്തുവാൻ HIGHWAY TO HEAVEN എന്ന പേരിൽ ഒരു ഡയറി നിർമ്മാണ മത്സരം നടത്തി. നിരവധി ശാഖകൾ പങ്കെടുത്തു.

വിജയികൾ

1 തൊടുപുഴ, തെന്നത്തൂർ

2 രാജഗിരി, നേര്യമംഗലം

3 മുതലക്കോടം, നെടിയശാല

വിജയികളായവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

### CML 28/2021 G.O.T (Greatness of Teenage)

ഈ ലോക്ക്ഡൗൺ സമയത്ത് കൗമാരപ്രായക്കാരായ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും അവയെ എങ്ങനെ മറികടക്കാൻ സാധിക്കും എന്നതിനെപ്പറ്റിയും സോഷ്യൽ വർക്കറായ ശ്രീ. ജയിംസ് ബിനു ചാക്കോ ഗൂഗിൾ മീറ്റ് മുഖേന webinar നയിച്ചു. ഇരുന്നൂറോളം കുട്ടികൾ പങ്കെടുത്തു. ക്ലാസ്സുകൾ നയിച്ച ശ്രീ. ജയിംസ് ബിനു ചാക്കോയ്ക്ക് CML രൂപതാക്കുടുംബത്തിന്റെ നന്ദി.

ഈ ലോക്ക്ഡൗൺ സമയത്ത് കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കു മാത്രമായി അവർ നേരിടുന്ന പ്രശ്നങ്ങളെകുറിച്ചും അവയെ എങ്ങനെ മറികടക്കാൻ സാധിക്കും എന്നതിനെപറ്റിയും നിർമ്മലാ മെഡിക്കൽ സെന്ററിലെ ഡോക്ടറായ സി. തെരേസ് ഗൂഗിൾ മീറ്റ് മുഖേന

23-5-2021 -നും 29-05-2021-നും webinar -കൾ നയിച്ചു. 420-ഓളം കുട്ടികൾ പങ്കെടുത്തു. ക്ലാസ്സുകൾ നയിച്ച ഡോ. സി. തെരേസിന് CML രൂപതാക്കുടുംബത്തിന്റെ നന്ദി.

*CML 29/2021* **മേഴ്സി ചലഞ്ച്**

രൂപതയിൽ തീവ്രപ്രാർത്ഥനായജ്ഞം പ്രഖ്യാപിക്കപ്പെട്ട 2021 മെയ് മാസത്തിൽ രൂപതയിലെ മിഷൻലീഗ് അംഗങ്ങൾ ഏറ്റെടുത്ത വ്യത്യസ്തമായ പ്രാർത്ഥനാസംരംഭമാണ് മേഴ്സി ചലഞ്ച്. കൊറോണ ദുരിതം അനുഭവിക്കുന്ന എല്ലാവർക്കും വേണ്ടി മെയ് മാസം മുഴുവൻ രാവിലെ മൂന്ന് മണിക്ക് എഴുന്നേറ്റ് കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിക്കുക എന്നതാണ് ഈ ചലഞ്ച്. രൂപതാഭാരവാഹികൾ അടക്കം നിരവധിപേർ ഈ പ്രാർത്ഥനയിൽ എല്ലാ ദിവസവും പങ്കുചേർന്നു.

*CML 30/2021* **കുറുപ്പുംപടിയിലെ ജോസൂട്ടൻ**

ചെറുപുഷ്പ മിഷൻ ലീഗ് കോതമംഗലം രൂപതയും കുറുപ്പുംപടി ശാഖയും സംയുക്തമായി സംഘടിപ്പിക്കുന്ന പരിപാടിയാണല്ലോ കുറുപ്പുംപടിയിലെ ജോസൂട്ടൻ. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഉപകാരപ്പെടുന്ന നല്ല സന്ദേശങ്ങൾ പാവകളി രൂപത്തിൽ അവതരിപ്പിക്കപ്പെടുന്ന ഈ പ്രോഗ്രാമിന്റെ 7-ാമത്തെ എപ്പിസോഡ് 29-4-2021-ന് യുട്യൂബ് ചാനലിലൂടെ സംപ്രേഷണം ചെയ്തു.

*CML 31/2021* **റീജിയണൽ സംഗമം**

കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ, മുതലക്കോടം റീജിയൺ സംഗമങ്ങൾ മെയ് 21, 22 തീയതികളിൽ സംഘടിപ്പിക്കുവാൻ സാധിച്ചു. നാല് റീജിയണൽ സംഗമങ്ങളിലായി 105 ഇടവകകളിൽ നിന്ന് 500 ലധികം ഭാരവാഹികൾ പങ്കെടുത്തു. എല്ലാ റീജിയണൽ സംഗമങ്ങളിലും അഭിവന്ദ്യ പിതാവ് പങ്കെടുക്കുകയും സന്ദേശം നൽകുകയും, റവ. ഫാ. ജോർജ് മാറാപ്പിള്ളിൽ ക്ലാസ്സ് എടുക്കുകയും ചെയ്തു. റീജിയണൽ സംഗമത്തിൽ സന്ദേശം നൽകി അനുഗ്രഹിച്ച അഭിവന്ദ്യ പിതാവിനും സംഗമം വിജയിപ്പിച്ച ബഹു. അച്ചന്മാർക്കും, പ്രത്യേകമായി മാറാപ്പിള്ളിലച്ചനും, സിസ്റ്റേഴ്സിനും ശാഖാ ഭാരവാഹികൾക്കും രൂപതാക്കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

*CML 32/2021* **CML സ്റ്റേറ്റ് & രൂപതാ, സംയുക്ത എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻ ലീഗ് 75-ാം വയസ്സിന്റെ ജൂബിലി നിറവിൽ എത്തിയിരിക്കുന്ന ഈ 2021-22 പ്രവർത്തനവർഷത്തെ എങ്ങനെ കാര്യക്ഷമമാക്കാം എന്നതിനെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി സംസ്ഥാന സെക്രട്ടറിയേറ്റും, രൂപതാ ഭാരവാഹികളുമായി സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗ്, ഓൺലൈൻ ആയി 26-05-2021-ന് നടത്തി.

*CML 33/2021* **രൂപതാമാനേജിംഗ് കമ്മിറ്റി**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതയുടെ രൂപതാമാനേജിംഗ് കമ്മിറ്റി 29-05-2021 -ന് നടത്തി. 70 ഓളം പേർ പങ്കെടുത്ത ഈ മീറ്റിംഗിൽ അഭിവന്ദ്യ പിതാവ് സന്ദേശം നൽകി അനുഗ്രഹിച്ചു. അഭിവന്ദ്യ പിതാവിനും, മാനേജിംഗ് കമ്മിറ്റിയിൽ പങ്കെടുത്ത ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും മേഖലാ ഭാരവാഹികൾക്കും CML രൂപതാക്കുടുംബത്തിന്റെ പ്രത്യേകം നന്ദി.

*CML 34/2021* **KIDS WITH THEIR GUARDIAN**

GEMS ലെ കുട്ടികൾക്കും, അവരുടെ കുടുംബാംഗങ്ങൾക്കുമായി 26-05-2021-ന് സംഘടിപ്പിച്ച പ്രോഗ്രാമാണിത്. ഈ പ്രോഗ്രാമിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ്, ഓരോ GEMS കുടുംബാംഗങ്ങളെയും വ്യക്തിപരമായി പരിചയപ്പെടുകയും അവർക്ക് സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും, പങ്കെടുത്ത GEMS കുടുംബാംഗങ്ങൾക്കും CML രൂപതാക്കുടുംബത്തിന്റെ നന്ദി.

*Director*

## കെ.സി.എസ്.എൽ.

*KCSL. 10/2021* **മെയ് മാസ പ്രാർത്ഥന**

കോവിഡ് അനിയന്ത്രിതമായ സാഹചര്യത്തിൽ രൂപത കുടുബത്തോട് ചേർന്ന് പ്രത്യേകമായ പ്രാർത്ഥനകൾ നടത്തി.

സൗഖ്യദായകമായ ബൈബിൾ വചനങ്ങൾ ആവർത്തിച്ച്

വായിക്കുകയും എല്ലാ വെള്ളിയാഴ്ചയും 3 മണിക്ക് കരുണയുടെ ജപമാല വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ ഓൺലൈൻ മുഖേന ചൊല്ലി കാഴ്ചവയ്ക്കുകയും ചെയ്തു.

*KCSL. 11/2021* **പുത്തൻ പ്രവർത്തന വർഷം**

പുതിയ അധ്യയന വർഷം ജൂൺ മാസത്തിൽ ആരംഭിക്കേണ്ടത് പ്രത്യേക സാഹചര്യത്തിൽ വ്യക്തത വരാത്തതിനാൽ നമ്മുടെ പ്രവർത്തനാരംഭത്തെ പറ്റി പിന്നീട് അറിയിക്കുന്നതാണ്.

*Director*

## ഫാമിലി അപ്പോസ്തലേറ്റ്

*FA 8/2021* **അഖണ്ഡജപമാല**

കോവിഡ്-19 ന്റെ ഈ സാഹചര്യത്തിൽ എല്ലാ ഇടവക, ഫൊറോന, രൂപത ഭാരവാഹികളെയും ചേർത്ത് അഖണ്ഡജപമാല മെയ് 1-ാം തീയതി മുതൽ 31-ാം തീയതി വരെ രാത്രിയും പകലും ഇടമുറിയാതെ നടത്തി. മെയ് 31-ാം തീയതി അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ വചനസന്ദേശവും ദിവ്യകാരുണ്യ ആരാധനയും ജപമാല സമർപ്പണവും ഗൂഗിൾ മീറ്റിലൂടെ നടത്തി.

*FA 9/2021* **ഓൺലൈൻ കൗൺസലിംഗ്**

മാനസികമായി തളർന്നവർക്ക് കരുത്തേകാൻ വൈദിക, സന്യസ്ത, അല്മായ സഹോദരങ്ങളുടെ നേതൃത്വത്തിൽ ഓൺലൈൻ കൗൺസലിംഗ് നടത്തിവരുന്നു. കൗൺസലിംഗിനായി ബന്ധപ്പെടേണ്ടവരുടെ പേരും ഫോൺ നമ്പറും ചുവടെ ചേർക്കുന്നു.

**സമയം : 09-.00 am to 05.00 pm**

| | |
|---|---|
| റവ. ഫാ. അരുൺ വലിയതാഴത്ത് | 9447723222 |
| റവ. ഫാ. ജോസഫ് കൊച്ചുപറമ്പിൽ | 9747414843 |
| റവ. ഫാ. പോൾ അവിരാപ്പാട്ട് | 9447780908 |
| റവ. ഫാ. വർഗീസ് പാറമേൽ | 8547848309 |
| റവ. സി. ആൻ ടോം CHF | 9539658158 |

| | |
|---|---|
| റവ. സി. അജയ MSJ | 9846127396 |
| റവ. സി. റെനിറ്റ് FCC | 9961227746 |
| റവ. സി. ഷീൻ മരിയ CHF | 7306347629 |
| റവ. സി. ജൂലി ഗ്രേസ് SD | 8289835870 |
| റവ. സി. ഫ്രാൻസി SMS | 9447199516 |
| റവ. സി. ഗ്ലോറിയ CSN | 7560985385 |
| റവ. സി. ജെസ് മരിയ SABS | 7025730672 |
| റവ. സി. തേജസ് CMC | 8547745468 |
| റവ. സി. റാണി SH | 9605528020 |
| സേവ്യർ ഇലവുംകുടി | 9846674313 |
| ജോയ്സ് മുക്കുടം | 9495159112 |
| രാജൻ ചിറപ്പുറത്ത് | 9446341371 |
| ആനി ഇളയിടം | 9447233939 |
| മോളി പോൾ | 8330039961 |
| ദീപ മാത്യു | 8089116558 |

*Director*

## മാതൃവേദി

*MV 13/2021* **വി. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന**

കോവിഡ് എന്ന മഹാവിപത്തിനെതിരെ എല്ലാ കുടുംബങ്ങൾക്കും സംരക്ഷണമേകുന്നതിനുവേണ്ടി കുടുംബങ്ങളുടെ നാഥനായ വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം യാചിച്ച് മാതൃവേദി അംഗങ്ങളെല്ലാവരും ചേർന്ന് പ്രാർത്ഥിച്ചു.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 22/2021* **സംസ്ഥാന സമിതി യോഗം**

DFC സംസ്ഥാന സമിതി യോഗം 17-05-2021-ന് ഗൂഗിൾ മീറ്റ്

വഴി ചേർന്നു. സംസ്ഥാന പ്രസിഡന്റ് ശ്രീ. സണ്ണി പുളിങ്കാല അദ്ധ്യക്ഷത വഹിച്ച യോഗം ദീപിക MD ഫാ. മാത്യു ചന്ദ്രൻകുന്നേൽ ഉദ്ഘാടനം ചെയ്തു. ഈ പ്രതിസന്ധി കാലഘട്ടത്തിൽ മറ്റെല്ലാ പത്രങ്ങളുടെയും സർക്കുലേഷൻ കുറയുന്ന സമയത്തും ദീപികയുടെ സർക്കുലേഷൻ വർദ്ധിച്ചത് ഫാ. ജിനോ പുന്നമറ്റത്തിൽ വിവിധ രൂപതകൾ കേന്ദ്രീകരിച്ച് DFC പ്രവർത്തകരുമൊത്ത് നടത്തിയ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണെന്ന് അദ്ദേഹം പറഞ്ഞു.

സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണൻചിറ ആമുഖ സന്ദേശം നൽകി. സംസ്ഥാന ജോയിന്റ് ഡയറക്ടർ ഫാ. ജിനോ പുന്നമറ്റത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തി. മാർച്ച്-ഏപ്രിൽ മാസങ്ങളിലെ സർക്കുലേഷൻ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി, ചങ്ങനാശ്ശേരി, കോതമംഗലം രൂപതകൾ യഥാക്രമം 1, 2, 3 സ്ഥാനങ്ങളിൽ എത്തി. ദീപികയുടെ വളർച്ചയ്ക്ക് ആവശ്യമായ വിവിധ പദ്ധതികൾ യോഗം ചർച്ച ചെയ്തു. ദീപികയിൽ പുതിയതായി എക്സിക്യൂട്ടീവ് ഡയറക്ടറായി ചാർജ്ജെടുത്ത ഡോ. ഫാ. സി.സി. ജോണിനെ യോഗം സ്വാഗതം ചെയ്തു.

സംസ്ഥാന സമിതി ഭാരവാഹികളോടൊപ്പം എല്ലാ രൂപതകളിലെയും ഡയറക്ടർ അച്ചന്മാർ, പുരുഷ വനിതാവിഭാഗം പ്രസിഡന്റ്, സെക്രട്ടറിമാർ, സംസ്ഥാന ഉപദേശകസമിതി അംഗങ്ങൾ, ദീപികയുടെ വിവിധ യൂണിറ്റുകളിലെ റസിഡന്റ് മാനേജർമാർ തുടങ്ങിയവർ പങ്കെടുത്തു.

*Co-ordinator*

---

# യുവദീപ്തി - KCYM

*YD 21/2021* **“Surrender” - an hour with Holy Spirit**

പെന്തക്കുസ്താ തിരുനാളിനോടനുബന്ധിച്ച് KCYM -ന്റെ നേതൃത്വത്തിൽ രൂപതാതലത്തിൽ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മ (surrender) നടത്തപ്പെട്ടു. ഗൂഗിൾ മീറ്റിലും യൂട്യൂബ് ചാനലിലുമായി 1000-ൽ അധികം ആളുകൾ പ്രാർത്ഥന കൂട്ടായ്മയുടെ ഭാഗമായി. രൂപത

മെത്രാൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ സമാപനസന്ദേശവും ആശീർവാദവും നൽകി. റവ. സി. ജെയ്സി FCC (ജനറലേറ്റ് ആലുവ) പെന്തക്കുസ്ത സന്ദേശവും ജപമാല പ്രാർത്ഥനയും നയിച്ചു. ബഹു. വൈദികർ, സിസ്റ്റേഴ്സ്, ഫൊറോന പ്രസിഡന്റുമാർ, ഫൊറോന-യൂണിറ്റ് ഭാരവാഹികൾ, മറ്റു യുവജന സുഹൃത്തുക്കൾ, ടെക്നിക്കൽ സപ്പോർട്ട് നൽകിയ മീഡിയ ടീം അംഗങ്ങൾ, അതോടൊപ്പം പ്രാർത്ഥന കൂട്ടായ്മയിൽ പങ്കെടുത്ത എല്ലാ പ്രിയപ്പെട്ടവർക്കും രൂപതാസമിതിയുടെ നന്ദി.

### *YD 22/2021* Visita 2021

KCYM സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന രൂപത വിസിറ്റ് - "Visita 2021" ജൂൺ മാസത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ നടത്തപ്പെടുന്നു.

### *YD 23/2021* Covid Control Room

കോവിഡിന്റെ രണ്ടാം തരംഗം അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ KCYMന്റെ നേതൃത്വത്തിൽ രൂപതാതലത്തിൽ Covid Control Room-തുടങ്ങുകയും ആളുകൾക്ക് വാക്സിൻ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് ഇതിനോടനുബന്ധിച്ച് രൂപതയിലെ 12 ഫൊറോനകളിലുമായി 12 കൺട്രോൾ റൂമുകൾ ആരംഭിക്കുകയും Vaccine Registration, Emergency Assistance, Spiritual Assistance, Covid updates, Blood bank, Kothamangalam Samaritans help തുടങ്ങിയ സഹായങ്ങൾ Covid Control Room -വഴി നൽകിവരുന്നു.

Covid Control Room- കളുടെ ഭാഗമായി ഇടവകകളിൽ Disaster Mangement Team ബഹു. വൈദികരുടെ നേതൃത്വത്തിൽ രൂപീകരിക്കുകയും യുവജനങ്ങളുടെ ആത്മാർത്ഥമായ സഹകരണത്തിലൂടെ ഭക്ഷണം, മരുന്ന് കിറ്റുകളുടെ വിതരണം, മറ്റ് സന്നദ്ധപ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നു.

### *YD 24/2021* CCRT Meet

ഫൊറോനകളിൽ Covid Control Room- പ്രവർത്തനം വിലയിരു

ത്തുന്നതിനും ഇടവകകളിൽ നടത്തുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി രൂപതയിലെ എല്ലാ യൂണിറ്റ് പ്രസിഡന്റുമാരുടെയും ഫൊറോന ഭാരവാഹികളുടെയും സമ്മേളനം മെയ് 17, 18, 19 തിയതികളിൽ ഫൊറോനതലങ്ങളിൽ നടത്തപ്പെട്ടു.

Online ഫ്ളാറ്റ് ഫോമിലൂടെ നടത്തപ്പെട്ട പ്രസ്തുത മീറ്റിംഗിൽ 12 ഫൊറോനകളിൽ നിന്നുമായി 282 യുവജനങ്ങളുമായി രൂപത സമിതിക്ക് സംവദിക്കുവാൻ സാധിച്ചു. Covid Control Room-കളുടെ പ്രവർത്തനം ഫൊറോനകളിലും Disaster Management team-കളുടെ പ്രവർ ത്തനം ഇടവകകളിലും, വളരെ മികച്ച രീതിയിൽ നടക്കുന്നു. ഭക്ഷണം, മരുന്ന് തുടങ്ങിയ അവശ്യവസ്തുക്കളുടെ വിതരണവും കോവിഡ് വാക്സിൻ രജിസ്ട്രേഷനും, ഡോക്ടർമാരുടെ സേവനവും, Spiritual Assistance ഉം രൂപതയുടെ Blood Donation Cell-'We For Save' ന്റെ പ്രവർത്തനങ്ങളും ഫൊറോന യൂണിറ്റുകളിൽ നല്ലരീതിയിൽ പുരോഗമിക്കുന്നു.

*Director*

# ജീസസ് യൂത്ത്

*JY 24/2021* **ഹൗസ്ഹോൾഡ് കൂട്ടായ്മ**

April 25-ന് ജീസസ് യൂത്ത് ഹൗസ്ഹോൾഡ് കൂട്ടായ്മ Zoom-ൽ നടത്തി. നാൽപതോളം പേർ പങ്കെടുത്തു.

*JY 25/2021* **New incharge**

കോതമംഗലം സോണൽ കൗൺസിലിന്റെ പുതിയ ആനിമേറ്ററായി മുൻ കേരള പാരിഷ് ടീം ആനിമേറ്ററായിരുന്ന Sr. Sheen Maria CHF തെരെഞ്ഞെടുക്കപ്പെട്ടു.

*JY 26/2021* **Send off**

ജീസസ് യൂത്തിന്റെ 29-ാമത്തെ ബാച്ചിലെ ഫുൾടൈമറായി കോതമംഗലം സോണിലേക്ക് online മിഷണറിയായി കടന്നുവന്ന ക്രിസ് ജോസഫിന് യാത്രയയപ്പ് നൽകി.

### *JY 27/2021* Teens intercession

ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ ദിവസവും 6.00 മണിക്ക് ഇന്റർസെഷൻ ഗൂഗിൾ മീറ്റിൽ നടക്കുന്നു.

### *JY 28/2021* Campus intercession

ക്യാംപസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാദിവസവും വൈകിട്ട് 3 മണിക്ക് ഗൂഗിൾ മീറ്റിൽ intercession നടത്തുന്നു.

### *JY 29/2021* Media Workshop

മാധ്യമങ്ങളുടെ സാധ്യതകളെ സുവിശേഷവത്ക്കരണത്തിനായി ഉപയോഗിക്കാൻ ജീസസ് യൂത്ത് Kerala Media Ministry-യുടെ നേതൃത്വത്തിൽ ഒരാഴ്ചത്തെ Media Workshop Zoom-ൽ നടത്തി.

### *JY 30/2021* Commitment Day Novena

പന്തക്കുസ്ത ദിനത്തിന്റെ ഒരുക്കത്തിന്റെ ഭാഗമായി Commitment, Recommitment എടുക്കുന്ന ആളുകളെ ചെറുഗ്രൂപ്പുകളായി തിരിച്ച് മെയ് 14 മുതൽ 9 ദിവസത്തെ നൊവേനകൾ ഗൂഗിൾ മീറ്റിൽ നടത്തി. വചന വിചിന്തനങ്ങൾ, ദൈവാനുഭവങ്ങൾ, ബൈബിൾ ക്വിസ് എന്നിവ whatsapp ഗ്രൂപ്പുകളിൽ നടത്തിവരുന്നു.

### *JY 31/2021* Covid Volunteers

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാവിധ മെഡിക്കൽ ആവശ്യങ്ങൾ,സംസ്കാര ചടങ്ങുകൾ, അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ, കൗൺസലിംഗ് സഹായങ്ങൾ എന്നിവയ്ക്കായി ഒരു ഹെൽപ് ലൈൻ ആരംഭിച്ചിട്ടുണ്ട്.

അതിനായി ഏതു സമയവും സജ്ജരായി ഒരു ടീം തയ്യാറായിട്ടുണ്ട്. ഈ ഹെൽപ് ലൈൻ നമ്പറിൽ മേല്പറഞ്ഞ എന്തു ആവശ്യത്തിനും വിളിക്കാവുന്നതാണ്.

നമ്പർ : **8547975733, 9567950067, 9656064665** 24 മണിക്കൂർ സേവനം

രാവിലെ 8.00 മണി മുതൽ രാത്രി 8.00 മണി വരെ ഡോക്ടർമാരുടെ സൗകര്യവും ലഭ്യമാണ്. അതിനായി വിളിക്കുക: **8888777463**

### *JY 32/2021* Commitment Day Orientation

ജീസസ് യൂത്ത് ജീവിതശൈലി സ്വീകരിക്കാൻ ആഗ്രഹിക്കുന്ന

വർക്കായുള്ള Commitment, Re-commitment day മേയ് 23-ന് നടന്നു. പുതിയതായി Commitment എടുക്കുന്ന ആളുകൾക്ക് വേണ്ടി May 19-ന് orientation നടത്തി. 55 പേർ പങ്കെടുത്തു.

*JY 33/2021* **SWAG Group Leaders Gathering**

ജീസസ് യൂത്ത് ക്യാംപസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടന്ന SWAG (Saved With Abundant Grace)-ന്റെ ഗ്രൂപ്പ് ലീഡേഴ്സി ന്റെ followup google meet-ൽ ഘട്ടങ്ങളായി നടക്കുന്നു.

*JY 34/2021* **Central Prayer meeting**

എല്ലാ ഞായറാഴ്ചയും വൈകിട്ട് 5.00 മണിക്ക് Central Prayer meeting നടക്കുന്നു.

*Animator*

## കത്തോലിക്കാ കോൺഗ്രസ്

*CC 6/2021* **രൂപത സമിതി ഭാരവാഹികൾ**

കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപത സമിതിയുടെ 2021-24 വർഷത്തേക്കുള്ള ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട ജോസ് പുതിയടം പ്രസിഡന്റ്, ജോൺ മുണ്ടൻകാവിൽ ജനറൽ സെക്രട്ടറി, ജോയി പോൾ ട്രഷറർ, വൈസ് പ്രസിഡന്റുമാരായ റോജോ ജോസഫ്, കെ.എം.മത്തച്ചൻ, സിൽവി ടോം, സീന സാജു, ഗ്ലോബൽ സമിതി അംഗങ്ങളായ ഐപ്പച്ചൻ തടിക്കാട്ട്, അഡ്വ. ഇ.കെ. ജോസ് ഇലഞ്ഞി ക്കൽ എന്നിവർ അഭിവന്ദ്യ രൂപത അദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്ക ണ്ടത്തിൽ പിതാവിന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു. രൂപത ഡയറക്ടർ റവ. ഡോ. തോമസ് ചെറുപറമ്പിൽ സത്യവാചകം ചൊല്ലിക്കൊടുത്തു. ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം സന്നിഹിതനായിരുന്നു.

*CC 7/2021* **പുലിയമ്പാറ ടാർ മിക്സിംഗ് പ്ലാന്റ്**

പുലിയമ്പാറ പള്ളിയ്ക്ക് സമീപം അനധികൃതമായി പ്രവർത്തി ക്കുന്ന ടാർ മിക്സിംഗ് പ്ലാന്റിന്റെ പ്രവർത്തനം മൂലം ഉണ്ടായ പരി

സ്ഥിതി പ്രശ്നങ്ങൾ കാരണം പള്ളി അടച്ചിടേണ്ടതായി വന്നതിനെ തുടർന്ന് പ്രതിഷേധം നടത്തിയ കത്തോലിക്ക കോൺഗ്രസ് നേതാക്കൾക്കെതിരെയും, വൈദികർക്കെതിരെയും കള്ളക്കേസുകൾ ചമയ്ക്കുകയും കത്തോലിക്ക കോൺഗ്രസ് പ്രവർത്തകരെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന ഊന്നുകൽ പോലീസ് C.I. യുടെ നടപടികൾ പൗരാവകാശത്തിന്മേലുള്ള കടന്നുകയറ്റമാണെന്ന് കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപത സമിതി അഭിപ്രായപ്പെട്ടു.

നീതി നിഷേധമുണ്ടാകുമ്പോൾ പ്രതിഷേധിക്കുക പൗരധർമ്മമാണ്. ഈ അവകാശങ്ങൾ ഹനിക്കുവാൻ ശ്രമിക്കുന്ന ഊന്നുകൽ C.I.യുടെ ധിക്കാരം നിറഞ്ഞ നിഷേധാത്മകമായ നടപടികൾ തികച്ചും പ്രതിഷേധാർഹവും അപലപനീയവുമാണ്. പോലീസ് എത്രയും വേഗം ഈ തെറ്റായ നടപടികൾ അവസാനിപ്പിക്കുകയും നീതി നടപ്പാക്കുകയും ചെയ്യണമെന്നും, ടാർമിക്സിംഗ് പ്ലാന്റ് ലോബിക്കു വേണ്ട ഒത്താശകൾ ചെയ്യുന്ന ഊന്നുകൽ പോലീസ്, കവളങ്ങാട് പഞ്ചായത്ത്, പൊല്യൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയ ഉദ്യോഗസ്ഥലോബികൾക്കെതിരെ മാതൃകാപരമായ നടപടികൾ സ്വീകരിക്കുവാൻ മേലധികാരികൾ തയ്യാറാകണമെന്നും പ്രസിഡന്റ് ജോസ് പുതിയടത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ രൂപത സമിതി ആവശ്യപ്പെട്ടു.

യോഗത്തിൽ ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം, രൂപത ഡയറക്ടർ Rev Dr. തോമസ് ചെറുപറമ്പിൽ, ഇൻഫാം രൂപത ഡയറക്ടർ റവ. ഫാ. റോബിൻ പടിഞ്ഞാറേക്കുറ്റ്, ജനറൽ സെക്രട്ടറി ജോൺ മുണ്ടൻകാവിൽ, ട്രഷറർ ജോയി പോൾ നേതാക്കളായ Dr. ജോസുകുട്ടി J ഒഴുകയിൽ, ഐപ്പച്ചൻ തടിക്കാട്ട്, മോൻസി മങ്ങാട്ട്, മത്തച്ചൻ കളപ്പുര, റോജോ വടക്കേൽ, സിൽവി ടോം, സീന സിജോ, Adv.ജോസ് ഇലഞ്ഞിക്കൽ, ബിനു മണ്ണൂർ, ജോർജ് പാലാപറമ്പിൽ, Adv. തമ്പി പിട്ടാപ്പിള്ളി, ബേബിച്ചൻ നിധീരി, ആന്റണി പാലക്കുഴി, വി.റ്റി. ചാക്കോ, ജെയിംസ് പീറ്റർ, ജോസഫ് ചാക്കോ, ജോയി കാവപ്പുരയ്ക്കൽ, തോമസ് മലേക്കുടി തുടങ്ങിയവർ സംസാരിച്ചു.

*Director*

# പ്രാർത്ഥനാഗ്രൂപ്പ്

*PG 3/2021* **പ്രാർത്ഥന കൂട്ടായ്മ**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ മുന്നേറ്റം കോതമംഗലം സോണിന്റെ നേതൃത്വത്തിൽ എട്ടു സബ് സോണുകളിലും തുടങ്ങിയ പ്രാർത്ഥനാ കൂട്ടായ്മകൾ കോവിഡ് 19-ന്റെ രണ്ടാംഘട്ട വ്യാപനത്തെ തുടർന്ന് നിറുത്തി വയ്ക്കുകയും വീണ്ടും ഓൺലൈൻ കൂട്ടായ്മകൾ ആരംഭിക്കുകയും ചെയ്തു. എട്ടു സബ് സോണുകളുടെയും നേതൃത്വത്തിൽ മദ്ധ്യസ്ഥപ്രാർത്ഥനകൾ ഓൺലൈനിലൂടെ നിശ്ചയിച്ച ദിവസങ്ങളിൽ നടത്തുന്നു.

K.C.B.C. കരിസ്മാറ്റിക് കമ്മീഷന്റെ നിർദ്ദേശാനുസരണം ഉപവാസ പ്രാർത്ഥന, അഖണ്ഡ ജപമാല, കോവിഡിനെതിരെ കരുണയുടെ ജപമാല തുടങ്ങിയ ശുശ്രൂഷകളിൽ K.C. C.R.S.T യോട് ചേർന്ന് ഓൺലൈനിൽ കോതമംഗലം സോണും പങ്കെടുത്തു പ്രാർത്ഥിച്ചു.

പെന്തക്കുസ്ത തിരുനാളിന് ഒരുക്കമായി മെയ് 14 മുതൽ 22 വരെ ഒൻപതു ദിവസത്തെ നൊവേനയും ഒരുക്ക ശുശ്രൂഷയും നടത്തുകയും മെയ് 23-ന് പെന്തക്കുസ്ത തിരുനാൾ ആഘോഷിക്കുകയും ചെയ്തു. ഓൺലൈനിലൂടെ നടത്തിയ ഈ ശുശ്രൂഷകൾക്ക് നൂറുകണക്കിന് ആളുകളുടെ പങ്കാളിത്തം ഉണ്ടായിരുന്നു.

ശുശ്രൂഷകൾക്കെല്ലാം സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, സോണൽ കോ-ഓർഡിനേറ്റർ ജോൺസൻ കാനത്തിൽ, സെക്രട്ടറി സണ്ണി കടവുങ്കൽ, സർവീസ് ടീം അംഗങ്ങൾ എന്നിവർ നേതൃത്വം നൽകുന്നു.

*Director*

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 2/2021* **ജപമാല പ്രാർത്ഥന**

2021 മെയ് മാസം 1-ാം തീയതി രാത്രി 8.00 മണിക്ക് ഇന്ത്യയിലെ

എല്ലാ വിൻസെൻഷ്യൻ സഹോദരങ്ങളും കോവിഡ്-19-ൽ നിന്നുള്ള മോചനത്തിനായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. സൊസൈറ്റിയുടെ ദേശീയ പ്രസിഡന്റ് ബ്ര. ജൂഡ് മംഗൾ രാജിന്റെ ആഹ്വാനമനുസരിച്ച് കോതമംഗലം സെൻട്രൽ കൗൺസിലിലെ അംഗങ്ങളുടെ ഭവനങ്ങളിലും ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

*SV 3/2021* **അഖണ്ഡ ബൈബിൾ പാരായണം**

KRCC യുടെ ആഭിമുഖ്യത്തിൽ മെയ് 13 വ്യാഴാഴ്ച രാവിലെ 6.00 മണി മുതൽ രാത്രി 10.00 വരെ അഖണ്ഡപ്രാർത്ഥനാദിനമായി ആചരിച്ചു. കോതമംഗലം CC -യ്ക്ക് അനുവദിച്ചിരുന്ന സമയത്ത് എല്ലാ അംഗങ്ങളും അവരവരുടെ ഭവനങ്ങളിൽ ബൈബിൾ വായിച്ച് അഖണ്ഡ ബൈബിൾ പാരായണ പ്രാർത്ഥനയിൽ പങ്കെടുത്തു.

*Director*

---

# കേരള ലേബർ മൂവ്മെന്റ്

---

*KLM 9/2021* **രൂപതാ ഫെസിലിറ്റേഷൻ സെന്റർ**

ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ സർക്കാരിന്റെ വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ, തൊഴിൽ സാധ്യതകൾ എന്നിവയെപ്പറ്റി മനസ്സിലാക്കാനും അപേക്ഷകൾ നൽകാനുള്ള വഴികൾ മനസിലാക്കുന്നതിനും വേണ്ട സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ രൂപതാതലത്തിൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ലേബർ മൂവ്മെന്റിന്റെ വെബ്സൈറ്റായ www.klmkothamangalameparchy.com സന്ദർശിക്കുക. സംശയനിവാരണത്തിന് 9188778180 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

*KLM 10/2021* **കോവിഡ് ധനസഹായം**

ലേബർ മൂവ്മെന്റ് വഴി വിവിധ സർക്കാർ ക്ഷേമനിധികളിൽ അംഗങ്ങളായി ചേർന്നവർക്ക് ഈ വർഷവും കോവിഡ് ധനസഹായമായി 1000 രൂപാവീതം സർക്കാരിൽ നിന്നും അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 800-ൽപരം ആളുകൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയുണ്ടായി.

*KLM 11/2021* **ടെലി മെഡിസിൻ**

കോവിഡ് പശ്ചാത്തലത്തിൽ KLM -ന്റെ ആഭിമുഖ്യത്തിൽ ടെലി ഫോണിലൂടെ ഡോക്ടർമാരെ consult ചെയ്യുന്നതിന് സൗകര്യമൊരുക്കിയിരിക്കുന്നു.

*Director*

## ഇൻഫാം

*INF 1/2021*

ചുഴലിക്കാറ്റിന്റെ ഭാഗമായുണ്ടായ കടലാക്രമണത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തു. ഇൻഫാമിന്റെയും പൈങ്ങോട്ടൂർ സെന്റ് ആന്റണീസ് പള്ളിയിലെ ഭക്തസംഘടനകളുടേയും ആഭിമുഖ്യത്തിലാണ് ധാന്യ സംഭരണം നടത്തി കടലോര മക്കൾക്കായി എത്തിച്ചു നൽകിയത്. കണ്ടക്കടവ് സെന്റ് സേവ്യേഴ്സ് പള്ളിയിലാണ് ഇടവക പ്രദേശത്ത് ആവശ്യക്കാർക്ക് നൽകാനായി എത്തിച്ചു നൽകിയിട്ടുള്ളത്. ഗ്രാമപ്രദേശത്തെ നാടൻകപ്പ, പ്ലാച്ചക്ക, വാഴക്കുല തുടങ്ങിയവയ്ക്കൊപ്പം ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ കറിയിനങ്ങളും അരിയും ഉൾപ്പെടെ മൂന്നു ടൺ ഭക്ഷ്യധാന്യമാണ് നൽകിയത്. ഇൻഫാം സംസ്ഥാന ഡയറക്ടറും പൈങ്ങോട്ടൂർ പള്ളി വികാരിയുമായ ഫാ. ജോസ് മോനിപ്പിള്ളിൽ, ഇൻഫാം സംസ്ഥാന പ്രസിഡന്റ് ജോസ് എടപ്പാട്ട് തുടങ്ങിയവർ ധാന്യശേഖരണത്തിനും വിതരണത്തിനും നേതൃത്വം നൽകി.

വാഴക്കുളം: പൈനാപ്പിൾ കർഷകരെ രക്ഷിക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് ഇൻഫാം. നടുക്കര പൈനാപ്പിൾ കമ്പനിയിൽ അടിയന്തരമായി സംഭരണമാരംഭിക്കണമെന്നാണ് ഇൻഫാം ആവശ്യമുന്നയിച്ചിരിക്കുന്നത്. ഇക്കാര്യം ആവശ്യപ്പെട്ട് കൃഷിമന്ത്രിക്ക് നിവേദനം നൽകുമെന്ന് ഇൻഫാം സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പിള്ളിൽ, പ്രസിഡന്റ് ജോസ് എടപ്പാട്ട് എന്നിവർ അറിയിച്ചു.

നടുക്കരയിലെ പൈനാപ്പിൾ കമ്പനിയോടനുബന്ധിച്ച് ആഴ്ചയിൽ രണ്ടു ദിവസം ഹോർട്ടികോർപ്പ് സംഭരണമേർപ്പെടുത്തിയി

ട്ടുണ്ടെങ്കിലും ഒട്ടുംതന്നെ പ്രയോജനമില്ല. വിപണിയിൽ ആവശ്യക്കാരില്ലാത്തതിനാൽ കർഷകർ പൈനാപ്പിൾ കൃഷി ഉപേക്ഷിച്ചു പോകുന്ന അവസ്ഥയുമാണ്.

പൈനാപ്പിൾ ഉപോത്പന്നമായി സൂക്ഷിച്ചു വയ്ക്കുക മാത്രമേ നിലവിലെ സാഹചര്യത്തിൽ പോംവഴിയുള്ളൂ. അതിനാണ് നടുക്കര കമ്പനി വഴിയുള്ള സർക്കാർ ഇടപെടൽ ആവശ്യപ്പെടുന്നത്.

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Kalamparambil Antony | **June** | 13 |
| " | Kottackal Antony | " | 13 |
| " | Maliyeckal Antony | " | 13 |
| " | Njaliparambil Antony | " | 13 |
| " | Ovelil Antony | " | 13 |
| " | Pulimalayil Antony | " | 13 |
| " | Puthenkulam Antony | " | 13 |
| " | Vilayapillil Antony | " | 13 |
| " | Elenjedath John | " | 24 |
| " | Kadavan John | " | 24 |
| " | Pichappillil John | " | 24 |
| " | Akkapadickal Paul | " | 29 |
| " | Avirapattu Paul | " | 29 |
| " | Choorathotty Paul | " | 29 |
| " | Edathotty Paul | " | 29 |
| " | Inchaplackal Paul | " | 29 |
| " | Karakombil Paul | " | 29 |
| " | Kalathoor Paul | " | 29 |
| " | Mailackachallil Paul | " | 29 |

| | | | |
|---|---|---|---|
| Rev. Fr. | Marattil Paulson | **June** | 29 |
| " | Nedumpurath Paul | " | 29 |
| " | Nedumthadathil Paulose | " | 29 |
| " | Parathazham Paul | " | 29 |
| " | Pareman Peter | " | 29 |
| " | Vilanguparayil Paul | " | 29 |
| ” | Cherkottu Thomas | **July** | 3 |
| ” | Cheruparampil Thomas | ” | 3 |
| ” | Kalariparambil Thomas | ” | 3 |
| " | Kallarackal Thomas | " | 3 |
| ” | Kannamkulam Thomas | „ | 3 |
| ” | Kapiarumalayil Thomas | „ | 3 |
| ” | Kottarathil Thomas | „ | 3 |
| " | Kuzhinjalil Thomas | „ | 3 |
| " | Malekudy Thomas | " | 3 |
| " | Mundackal Thomas | „ | 3 |
| " | Panackal Thomas | „ | 3 |
| „ | Parayidom Thomas | „ | 3 |
| „ | Periappuram Thomas | ” | 3 |
| „ | Poovathumkal Thomas | „ | 3 |
| „ | Pothanamuzhy Thomas | „ | 3 |
| " | Vattathottathil Thomas | „ | 3 |
| " | Vettikuzha Thomas | ” | 3 |
| " | Vilanguparayil Thomas | " | 3 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ഏപ്രിൽ 2021**

21 • SH സന്യാസിനി സമൂഹാംഗമായ സി. ലിസിയ ചൂരാപ്പുഴയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മൈലക്കൊമ്പ് മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

- മുള്ളരിങ്ങാട് ഇടവകദൈവാലയത്തിൽ വി. ബലിയർപ്പിച്ച് പുതിയതായി നിർമ്മിച്ച പാരീഷ് ഹാളിന്റെ ആശീർവാദകർമ്മം നിർവഹിച്ചു.

23 • മുതലക്കോടം സെന്റ് ജോർജ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

24 • SABS ഒഡീഷ ദീപ്തി പ്രോവിൻസ് അംഗമായ സി. വെനാർഡ് പുഴക്കരയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് ആനിക്കാട് പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

26 • കോതമംഗലം മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് മ്ശംശാന പട്ടം നൽകുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

28 • SH പ്രോവിൻഷ്യൽ ഹൗസ് കപ്പേളയിൽ വച്ച് സി. അഞ്ചു മേരി കുര്യൻ വാളമ്മനാൽ, സി. ജിസ്മി ജോർജ് പുലിമലയിൽ, സി. റീത്താ ജോസഫ് പുത്തൻപുരയിൽ എന്നിവർക്ക് സന്യാസവസ്ത്രം നല്കുകയും സി. ബിനറ്റ് മരിയ തുറയ്ക്കൽ പുത്തൻപുരയിൽ, സി. റ്റീന മരിയ കാരികുന്നേൽ, സി. റീന മരിയ കാരികുന്നേൽ എന്നിവരുടെ നിത്യവ്രതവാഗ്ദാനകർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

- ഇഞ്ചൂർ ഇടവകാംഗമായ പി.വി. പൗലോസ് പുതിയത്തുമോളേലിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

29 • CMC പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ വച്ച് സി. ഷാരോൺ റോസ് പൂവേലിക്കുന്നേൽ, സി. ജിയന്ന കുടിയാറ്റ്, സി. അൽഫോൻസ അവിരാപ്പാട്ട്, സി. ആൽവിൻ മരിയ കവുനുകാട്ടിൽ, സി. ബ്ലസ്സിൻ മരിയ കണ്ടത്തിൽ, സി. ജോസ്മിൻ മുകളേൽ എന്നിവരുടെ സഭാവസ്ത്രസ്വീകരണ തിരുക്കർമ്മത്തിൽ കാർമ്മികത്വം വഹിച്ചു.

**മെയ് 2021**

2 • പുതിയതായി മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം നടത്താൻ ആഗ്രഹിക്കുന്ന കുട്ടികൾക്കായി ഓൺലൈൻ ഇന്റർവ്യൂ നടത്തി.

3 ● കാളിയാർ ഇടവകാംഗമായ ഡീ. സിജോ നെല്ലിപ്പുഴയ്ക്ക് പൗരോഹിത്യപട്ടം നൽകി.

7 ● രൂപതാ പ്രാർത്ഥനാ ദിനത്തോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

● വാഴക്കുളം ഇടവകാംഗമായ ബഹു. വിൻസെന്റ് നെടുങ്ങാട്ട് അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

13 ● കോവിഡ് മഹാമാരി രൂക്ഷമാകുന്ന പശ്ചാത്തലത്തിൽ ഇടവക, ഫൊറോന, രൂപതാതലങ്ങളിൽ ദുരന്തനിവാരണസേന രൂപീകരിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമായി രൂപതയിലെ മുഴുവൻ വൈദികരുടെയും ഓൺലൈൻ മീറ്റിംഗ് നടത്തി.

19 ● രൂപതയിലെ ദൈവശാസ്ത്ര വൈദിക വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട ഓൺലൈൻ മീറ്റിംഗിൽ സന്ദേശം നൽകി.

20 ● രൂപതയിലെ തത്ത്വശാസ്ത്ര വൈദിക വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട ഓൺലൈൻ മീറ്റിംഗിൽ സന്ദേശം നൽകി.

● നെടിയശാല ഇടവകയുടെ നേതൃത്വത്തിൽ നടത്തിയ ക്വിസ് മത്സരത്തിൽ സന്ദേശം നല്കുകയും വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തു.

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. മാണി കളപ്പുരയിൽ | ചരമദിനം | 01-07-1991 |
| ഫാ. പോൾ തരണിയിൽ (Sr.) | ” | 02-07-2003 |
| ഫാ. ജോൺ തയ്യിൽ | ” | 08-07-1969 |
| ഫാ. ഇമ്മാനുവൽ കുര്യനാൽ | ” | 12-07-2018 |
| ഫാ. ജോസഫ് തുടിയൻപ്ലാക്കൽ | ” | 16-07-2013 |
| ഫാ. ജോസഫ് കണ്ണാത്തുകുഴി | ” | 17-07-2017 |
| ഫാ. ജോർജ്ജ് ആറാഞ്ചേരിൽ | ” | 26-07-2010 |
| ഫാ. തോമസ് നെടുംപുറം | ” | 28-07-1980 |

Deivarajyam June 2021

•R.N.7623/63

Registered No. KL/ALY/0020/2020-2022

Date of publication: 1/6/2021

•Posted at Thodupuzha Stg.

Annual Subscription ₹ 100.00




Feast of Corpus Christi



St. Mariam Thresia



Mar Ephraem



Sacred Heart





St. Barnabas



Immaculate Heart



St. Antony



Sts. Peter & Paul

Printed at Sanjo Offset Press, Kothamangalam

Printer & Publisher Rev. Dr. George Thekkekara

Bishop's House, Kothamangalam - 686 691